**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2961** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യക്കൂട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കല്ലാനോട് എസ്.സി. സൊസൈറ്റി മുഖേന സർക്കാർ നടപ്പിലാക്കി വരുന്ന മത്സ്യക്കൂട് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായി വരുന്ന പെരുവണ്ണാമൂഴി ജലസംഭരണയിൽ 100 മത്സ്യക്കൂടുകൾ സ്ഥാപിക്കുകയും പെരുവണ്ണാമൂഴി (കല്ലാനോട്) പട്ടികജാതി, പട്ടിക വർഗ്ഗ സഹകരണ സംഘത്തിലെ അംഗങ്ങളെ ഗുണഭോക്താക്കളാക്കികൊണ്ട് മത്സ്യകൃഷി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 6:4:4 മീറ്റർ വലിപ്പത്തിലുള്ള 100 കൂടുകൾ സ്ഥാപിച്ചുകൊണ്ടാണ് മത്സ്യകൃഷി നടത്തി വരുന്നത്. ഗിഫ്റ്റ് മത്സ്യങ്ങളെ കൂടാതെ, പെരുവണ്ണാമൂഴി ജലസംഭരണിയിലെ മത്സ്യകൃഷിയ്ക്ക് അനുയോജ്യമെന്നു കണ്ട പങ്കേഷ്യസ് (ആസാം വാള), അനാബാസ് ഉൾപ്പെടെ 3 ലക്ഷത്തോളം മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിച്ച് മത്സ്യകൃഷി പ്രവർത്തനങ്ങൾ നടത്തി വരുന്നു. പെരുവണ്ണാമൂഴി പട്ടികജാതി, പട്ടിക വർഗ്ഗ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ അംഗങ്ങളായ 100 ഗുണഭോക്താക്കളെയാണ് കൂട്ട മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുമായി സഹകരിക്കുന്ന ഗുണഭോക്താക്കൾക്ക് ദിവസവേതനമായി 600/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. മത്സ്യവിളവെടുപ്പും വിപണനവും ആരംഭിക്കുന്ന മുറയ്ക്ക് ലാഭത്തിന്റെ നിശ്ചിത വിഹിതവും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതാണ്. മത്സ്യകൃഷി പ്രവർത്തനങ്ങൾക്കുവേണ്ട പരിശീലനം ഗുണഭോക്താക്കൾക്ക് അഡാക്ക് മുഖേന നൽകി വരുന്നു. ജലസംഭരണികളിലെ മത്സ്യകൃഷിയുടെ ഒരു സംയോജിത വികസനമാണ് മേൽ പരാമർശിച്ച പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യകൃഷി വഴി ഉത്പ്പാദിപ്പിക്കുന്ന മത്സ്യം കേട് കൂടാതെ സൂക്ഷിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനും വേണ്ടുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുന്നു. ജലസംഭരണികളെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, ജലസംഭരണികളുടെ സുസ്ഥിര വികസനത്തിനും, റിസർവോയർ കോപ്പറേറ്റീവ് സൊസൈറ്റികളെ ശക്തിപ്പെടുത്തുന്നതിനും 100 ടൺ മത്സ്യോൽപ്പാദനവും ടി പദ്ധതി മുഖേന ലക്ഷ്യമിടുന്നു. |
| (ബി) | പെരുവണ്ണാമൂഴി ഡാമിൽ നടപ്പിലാക്കി വരുന്ന മത്സ്യക്കൂട് പദ്ധതിയിൽ എത്ര പേർക്കാണ് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്നത്; പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് അറിയിക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ജലസേചനപദ്ധതിയുടെ ഭാഗമായി വരുന്ന പെരുവണ്ണാവൂഴി ജലസംഭരണയിൽ 100 മത്സ്യക്കൂടുകൾ സ്ഥാപിക്കുകയും പെരുവണ്ണാമൂഴി (കല്ലാനോട്) പട്ടികജാതി, പട്ടിക വർഗ്ഗ സഹകരണ സംഘത്തിലെ അംഗങ്ങളെ ഗുണഭോക്താക്കളാക്കികൊണ്ട് മത്സ്യകൃഷി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 6:4:4 മീറ്റർ വലിപ്പത്തിലുള്ള 100 കൂടുകൾ സ്ഥാപിച്ചുകൊണ്ടാണ് മത്സ്യകൃഷി നടത്തി വരുന്നത്. ഗിഫ്റ്റ് മത്സ്യങ്ങളെ കൂടാതെ, പെരുവണ്ണാമൂഴി ജലസംഭരണിയിലെ മത്സ്യകൃഷിയ്ക്ക് അനുയോജ്യമെന്നു കണ്ട പങ്കേഷ്യസ് (ആസാം വാള), അനാബാസ് ഉൾപ്പെടെ 3 ലക്ഷത്തോളം മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിച്ച് മത്സ്യകൃഷി പ്രവർത്തനങ്ങൾ നടത്തി വരുന്നു. പെരുവണ്ണാമൂഴി പട്ടികജാതി, പട്ടിക വർഗ്ഗ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ അംഗങ്ങളായ 100 ഗുണഭോക്താക്കളെയാണ് കൂട്ട മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുമായി സഹകരിക്കുന്ന ഗുണഭോക്താക്കൾക്ക് ദിവസവേതനമായി 600/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. മത്സ്യവിളവെടുപ്പും വിപണനവും ആരംഭിക്കുന്ന മുറയ്ക്ക് ലാഭത്തിന്റെ നിശ്ചിത വിഹിതവും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതാണ്. മത്സ്യകൃഷി പ്രവർത്തനങ്ങൾക്കുവേണ്ട പരിശീലനം ഗുണഭോക്താക്കൾക്ക് അഡാക്ക് മുഖേന നൽകി വരുന്നു. ജലസംഭരണികളിലെ മത്സ്യകൃഷിയുടെ ഒരു സംയോജിത വികസനമാണ് മേൽ പരാമർശിച്ച പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യകൃഷി വഴി ഉത്പ്പാദിപ്പിക്കുന്ന മത്സ്യം കേട് കൂടാതെ സൂക്ഷിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനും വേണ്ടുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും പദ്ധതിയിൽ ഉൾപ്പെടുന്നു. ജലസംഭരണികളെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, ജലസംഭരണികളുടെ സുസ്ഥിര വികസനത്തിനും, |

| | | | |
|---|---|---|---|
| | | | റിസർവോയർ കോപ്പറേറ്റീവ് സൊസൈറ്റികളെ ശക്തിപ്പെടുത്തുന്നതിനും 100 ടൺ മത്സ്യോൽപ്പാദനവും ടി പദ്ധതി മുഖേന ലക്ഷ്യമിടുന്നു. |
| (സി) | മത്സ്യക്കൂട് പദ്ധതിയുടെ മത്സ്യ വിപണന സാധ്യതകൾ ഏത് രീതിയിലാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | മത്സ്യവിപണന സ്റ്റാളുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന കാര്യവും കൂടിലെ മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനുള്ള "ലൈഫ് ഫിഷ് മാർക്കറ്റിംഗിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ